NOV: 13

# KGBEU OU ബുള്ളറ്റിൻ 61/2022

സഖാക്കളെ,

## വിഷയം: സ്റ്റാമ്പ് പേപ്പർ related ഇൻസ്പെക്ഷൻ observation

2007 ലെ Govt Order പ്രകാരം ബാങ്കുകളിൽ Loan Agreements ൽ മാത്രമേ adhesive stamp പതിക്കാൻ അനുവാദമുള്ളൂ. നമ്മുടെ ബാങ്കിലെ Inspection observations ൽ ഈയിടെയായി ബ്രാഞ്ചിനും ഇടപാടുകാർക്കും പരിഹരിക്കാൻ ഏറ്റവും ബുദ്ധിമുട്ടായി കണ്ടിട്ടുള്ളത് EM സംബന്ധമായ LEDTD/Link Letters നായി സ്റ്റാമ്പ് പേപ്പർ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. LEDTD യ്ക്കായി സ്റ്റാമ്പ് പേപ്പർ വാങ്ങുന്നതിൽ പിഴവ് പറ്റിയാൽ അഥവാ വാങ്ങുന്ന സ്റ്റാമ്പ് പേപ്പർ Mortgagor ന്റെ പേരിൽ വാങ്ങുന്നതിനു പകരം അബദ്ധവശാൽ മറ്റാരുടെയെങ്കിലും പേരിലായിപ്പോയാൽ (Joint Borrower/guarantor), Inspection observation ആവുകയായി. നിയമപരമായി പരിഹാരം adjudication മാത്രം. അല്ലാത്തപക്ഷം, പിന്നീട് ആ ലോൺ NPA ആയി SUIT ആയാൽ ഇമ്പ്രോപ്പർ stamping കൊണ്ടുമാത്രം കേസ് തള്ളിപ്പോകാം. അതിനാൽത്തന്നെ ഹെഡോഫീസിൽ നിന്നും പരിഹാരമായി നിർദ്ദേശിക്കുന്നത് കലക്ടറേറ്റിൽ കൊടുത്ത് adjudication ചെയ്യാനാണ്. Adjudication fee നമ്മൾ LEDTD യിൽ കാണിക്കുന്ന മാർക്കറ്റ് വിലയുടെ 0.1 ശതമാനമാണ്. എന്നു വച്ചാൽ 50 ലക്ഷം രൂപ മാർക്കറ്റ് വിലയുള്ള വസ്തുവിൽ നമ്മൾ ലോൺ കൊടുക്കുന്നത് വെറും Rs.10 ലക്ഷം രൂപ ആണെങ്കിൽപ്പോലും സ്റ്റാമ്പ് പേപ്പറിനായി ആയിരം രൂപ ചെലവാക്കേണ്ട സ്ഥാനത്ത് Adjudication ആവശ്യത്തിന് സർക്കാരിൽ അടക്കേണ്ടത് അയ്യായിരം രൂപ. പിഴയും മറ്റും പുറമേ. ഇത്തരം പ്രശ്നങ്ങൾക്കു പരിഹാരമായി, ബാങ്കിൽ stamp പേപ്പർ ഉപയോഗിക്കേണ്ടി വരുന്ന എല്ലാ രേഖകളിലും adhesive സ്റ്റാമ്പ് പതിക്കാനുള്ള അനുവാദത്തിനായി നമ്മുടെ സംഘടന സംസ്ഥാന ധനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. BEFI മുഖേന നമ്മൾ കൊടുത്ത നിവേദനത്തിന് പുറമെ ആണ് ഇത് നൽകിയത്. Follow up നാം ചെയ്തു വരികയാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ